## കേരള സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ്-ബയോഗ്യാസ് പ്ലാന്റുകൾ-സുരക്ഷാനടപടികൾ-നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന്-ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

---

## പരിസ്ഥിതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.24/12/പരി.      തീയതി, തിരുവനന്തപുരം 01.03.2012

---

പരാമർശം: (1) 31.08.2009 ലെ സർക്കാർ ഉത്തരവ് (സാധാ) നം.72/09/പരി

(2) എടത്തല ബയോഗ്യാസ് അപകടം അന്വേഷിക്കാൻ നിയുക്തമായ കമ്മിറ്റിയുടെ 07.12.2009 ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

(3) ടി കമ്മിറ്റിയുടെ 03.02.2010 ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

(4) 11.02.2010 ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അയച്ച പി സി ബി/എച്ച് ഒ/ഇ കെ എം/ജി ഇ എൻ/376/2009 നമ്പർ കത്ത്

### ഉത്തരവ്

സംസ്ഥാനത്ത് വൻകിട ബയോഗ്യാസ് പ്ലാന്റുകളിൽ പ്രവർത്തനത്തിലുണ്ടായ അപാകതകളും ശ്രദ്ധക്കുറവും കാരണം അപകടങ്ങൾ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. ആലുവയിലെ എടത്തലയിൽ 27.08.2009 ൽ ബയോഗ്യാസ് പ്ലാന്റ് പൊട്ടിത്തെറിച്ച് പ്ലാന്റ് കൺസൾട്ടന്റ് ഉൾപ്പെടെ 4 പേർ മരിക്കാനിടയായ സാഹചര്യം വെളിപ്പെടുത്തുന്നത് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലാതെയും, പ്രവർത്തനരീതികളെപ്പറ്റി ധാരണയില്ലാതെയും പ്ലാന്റുകൾ അവിദഗ്ദ്ധ രീതിയിൽ നിർമ്മിച്ച് പ്രവർത്തിപ്പിച്ചതാണ് എന്ന് കാണുന്നു. നഗരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പലയിടത്തും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻകിട ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. പ്ലാന്റുകളുടെ നിർമ്മാണം, മാലിന്യങ്ങളുടെ സ്വഭാവം, പ്രവർത്തനരീതി എന്നിവ സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്.

3. അതിനായി, സംസ്ഥാനത്തെ വൻകിട ബയോഗ്യാസ് പ്ലാന്റുകളുടെ സുരക്ഷിത പ്രവർത്തനം സംബന്ധിച്ച് ശുചിത്വ മിഷൻ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഈ മേഖലയിലെ വിദഗ്ദ്ധ ഏജൻസികൾ എന്നിവർ ചേർന്ന് പ്ലാന്റിന്റെ ഡിസൈൻ, സുരക്ഷാ നടപടികൾ, ഉപയോഗിക്കാവുന്ന മാലിന്യങ്ങൾ, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് തുടങ്ങിയവ വിശദമായി പ്രതിപാദിക്കുന്ന മാർഗ്ഗരേഖകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

4. ഈ നടപടിയുടെ ഏകോപനം ശുചിത്വ മിഷൻ നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജി.രാജീവ്**
അഡീഷണൽ സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തൈക്കാട്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ